# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 106      04.06.2018-ൽ മറുപടിയ്ക്ക്

## സാന്ത്വനം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; | (എ) തിരികെയെത്തിയ, ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് പരമാവധി 50,000/- രൂപയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപയും, മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപയും, പ്രവാസിക്കും കുടുംബാംഗങ്ങൾക്കും വീൽചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നുണ്ട്. |
| ബി) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്നവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനു എയർ ആംബുലൻസ് സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | ബി) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനായി എയർ ആംബുലൻസ് സംവിധാനം 'സാന്ത്വന' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ |
| സി) ഈ പദ്ധതിയുടെ ഘടന വ്യക്തമാക്കാമോ ? | സി) യും വിദേശത്ത് നിന്നും അസുഖ ബാധിതരായി വരുന്നവരെ ആശുപത്രിയിൽ എത്തിലെത്തിക്കാനും/വിദേശത്ത് വെച്ച് മരണമടഞ്ഞവരുടെ ഭൗതിക ശരീരം വീട്ടിൽ എത്തിക്കുന്നതിനും കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും ആംബുലൻസ് സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ